ഏത് കുറ്റം ചെയ്തു എന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ്. ഓപ്പറേഷൻ കുബേരയിൽ ഒരു കാരണവശാലും രാഷ്ട്രീയ ഇടപെടലുകൾ അനുവദിച്ചിട്ടില്ല. എല്ലാ രാഷ്ട്രീയകക്ഷികളിൽപ്പെട്ട ആളുകളും ഇതിനകംതന്നെ പലതരത്തിലുള്ള കേസുകളിൽ ഉൾപ്പെട്ടിട്ടുണ്ട്. ഭരണപക്ഷത്തുനിന്നും പ്രതിപക്ഷത്തുനിന്നും ആരും ഈ കേസിൽ ഇടപെട്ടിട്ടില്ല. രാഷ്ട്രീയ ഇടപെടലുകൾ ഉണ്ടാകില്ല. നിഷ്പക്ഷവും നീതിപൂർവ്വമായ നിലയിൽത്തന്നെ ഓപ്പറേഷൻ കുബേരയുടെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്.

ശ്രീ. എസ്. രാജേന്ദ്രൻ : സർ, പോലീസിന്റെ സംഘടനാപ്രവർത്തനത്തിൽ അവർ ചെയ്യുന്ന സേവനത്തിന് നൽകുന്ന ആനുകൂല്യങ്ങൾ അല്ലെങ്കിൽ ആധുനികമായ സംവിധാനങ്ങൾ ഗവൺമെന്റിൽ നിന്നും ലഭ്യമാക്കുന്നതിനു വേണ്ടിയിട്ടുള്ള ഇടപെടലുണ്ടാകണം. അങ്ങയുടെ മനസ്സിൽ പോലീസിന്റെ യൂണിഫോം മാറ്റണമെന്നുള്ള ആഗ്രഹമുണ്ട്. അവരുടെ യൂണിഫോം കൊണ്ടു മാത്രമല്ല, ഈ സംഘടനാ പ്രവർത്തനത്തിൽ അവർ ഏത് സംഘടനയ്ക്ക് വിധേയമാകുന്നുണ്ടോ, ആർക്കാണോ സേവനം നടത്തുന്നത് ; അതിന് അവർക്ക് കിട്ടേണ്ട ആനുകൂല്യങ്ങൾ ലഭ്യമാക്കണം. ഇത് നിയമസഭാംഗം പറയുന്നതിനെക്കാളുപരി ഒരു പഞ്ചായത്ത് പ്രസിഡന്റ് പറയുന്നത് ന്യായമാണെങ്കിൽ അത് ചെയ്യണം. പക്ഷെ, പഞ്ചായത്ത് പ്രസിഡന്റ് പറയുന്നത് തെറ്റാണെങ്കിലും അത് അവർ വഹിക്കുന്ന സംഘടനയുടെ ഭാഗമാണെന്നുകണ്ടുകൊണ്ട് അതിനനുകൂലമായ നിലപാട് സ്വീകരിക്കുകയും മറ്റേത് അവഗണിക്കുകയും ചെയ്യുന്ന നിലപാടുകളെടുക്കുന്നതിനെ എങ്ങനെയാണ് പരിഹരിക്കാൻ അങ്ങ് ഉദ്ദേശിക്കുന്നത് ?

ശ്രീ. രമേശ് ചെന്നിത്തല : സർ, പോലീസിന്റെ യൂണിഫോമിന് 5,000 രൂപയായി ഇപ്പോൾ ഗവൺമെന്റ് വർദ്ധിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ ആഴ്ചയിലാണ് അതിനുള്ള നടപടി മന്ത്രിസഭായോഗം എടുത്തത്. കടുത്ത സാമ്പത്തിക പ്രതിസന്ധിയുണ്ടെങ്കിലും പോലീസുകാരുടെ യൂണിഫോമിന് 5,000 രൂപയായി വർദ്ധിപ്പിച്ചത് ശ്രദ്ധേയമായ നടപടിയാണ്. അതുപോലെതന്നെ പോലീസുകാരുടെ മറ്റു തരത്തിലുള്ള പല വിഷമതകളും ഇപ്പോൾ പരിഹരിക്കാനുള്ള നടപടികളും ഗവൺമെന്റ് കൈക്കൊണ്ടുവരികയാണ്.

മി. സ്പീക്കർ : ഉപചോദ്യങ്ങൾ ആവശ്യപ്പെട്ടവർ ക്ഷമിക്കണം. കാരണം രണ്ടു ചോദ്യങ്ങൾ ക്ലബ്ബ് ചെയ്താണ് ഒന്നായി വന്നത്.

മത്സ്യത്തൊഴിലാളികൾക്കുള്ള സേവനങ്ങളുടെ പരിഷ്കരണം

4 (*723) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്ന സേവനങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മത്സ്യത്തൊഴിലാളികളുടെ അധിവാസമേഖലയിൽ കൂടുതൽ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി ഉണ്ടാകുമോ ;

(സി) മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന ഭവന-വിദ്യാഭ്യാസ ആനുകൂല്യങ്ങളിൽ കാര്യമായ വർദ്ധനവ് വരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ,

(എ) മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി മത്സ്യഫെഡ് മുഖേന നടപ്പിലാക്കിവരുന്ന സേവന പരിഷ്കരണങ്ങൾ : ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതിവഴി മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ ഉപകരണങ്ങൾ വായ്പയായി നൽകുന്നു. കൂടാതെ മത്സ്യബന്ധന ഉപകരണങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ, മത്സ്യലേലം വർദ്ധിപ്പിക്കുന്നതിന് പ്രവർത്തന മൂലധനം, മത്സ്യത്തൊഴിലാളി പുരുഷൻമാർക്ക് മത്സ്യവിപണനം നടത്തുന്നതിനുള്ള ഇരുചക്രവാഹനവും പ്രവർത്തനമൂലധനവും നാടൻ വള്ളങ്ങൾ നവീകരിക്കുന്നതിന് സബ്സിഡി, മത്സ്യബന്ധന വലകൾ വാങ്ങുന്നതിന് ധനസഹായം, ധനകാര്യ ഏജൻസികളിൽ നിന്നും ബാങ്കുകളിൽ നിന്നും മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിന് സബ്സിഡി, NBCFDC/NMDFC എന്നീ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള ടേം വായ്പകൾ, മൈക്രോഫൈനാൻസ് വായ്പ, പലിശരഹിത വായ്പ എന്നിവയാണ് പ്രധാന പദ്ധതികൾ.

കൂടാതെ മത്സ്യബന്ധന ഉപകരണങ്ങളുടെ വിലയിൽ വന്ന വർദ്ധനവ് കണക്കിലെടുത്ത് എൻ.സി.ഡി.സി. ധനസഹായത്തോടെ നടപ്പിലാക്കിവരുന്ന സംയോജിത മത്സ്യ വികസന പദ്ധതിവഴി ഒരു മത്സ്യബന്ധന ഗ്രൂപ്പിന് അനുവദിക്കാവുന്ന പരമാവധി വായ്പ പരിധി 15 ലക്ഷം രൂപയിൽ നിന്നും 25 ലക്ഷം രൂപയായി ഉയർത്തി. മാത്രമല്ല ഒരു ഗ്രൂപ്പിലെ അംഗങ്ങളുടെ വ്യക്തിഗത വായ്പാ പരിധി 25,000 രൂപയിൽ നിന്നും 2 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

NBCFDC/NMDFC എന്നീ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള മൈക്രോഫിനാൻസ് വായ്പ സ്വയം സഹായ സംഘങ്ങളിലെ ഗ്രൂപ്പിലെ അംഗങ്ങളുടെ വ്യക്തിഗത വായ്പാ പരിധി 20,000 രൂപയിൽ നിന്നും 25,000 രൂപായായി വർദ്ധിപ്പിച്ചിട്ടുണ്ട്.

മത്സ്യബോർഡ് മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സേവനങ്ങളുടെ പരിഷ്ക്കരണം

മത്സ്യത്തൊഴിലാളികൾക്കുള്ള അപകട ഇൻഷ്വറൻസ് പരിരക്ഷ 2 ലക്ഷം രൂപയിൽ നിന്നും 5 ലക്ഷം രൂപയായി ഉയർത്തി, ആം ആദ്മി ബീമാ യോജന മത്സ്യത്തൊഴിലാളികൾക്ക് ബാധകമാക്കിക്കൊണ്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഈ പദ്ധതിപ്രകാരം അപകടം മൂലമാണെങ്കിൽ 75,000 രൂപ കൂടുതലായി ലഭിക്കും. മത്സ്യത്തൊഴിലാളികൾക്കുള്ള വാർദ്ധക്യകാല പെൻഷനുകൾ 400 രൂപയിൽ നിന്നും 500 രൂപയായി വർദ്ധിപ്പിച്ച് നൽകിവരുന്നു. മാരകരോഗങ്ങൾക്ക് ചികിത്സാ ധനസഹായമായി പരമാവധി 50,000 രൂപ നൽകിവരുന്നു. മത്സ്യത്തൊഴിലാളികളുടെ എല്ലാ തരത്തിലുമുള്ള മത്സ്യബന്ധന ഉപകരണങ്ങൾക്കും യാനങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ നടപ്പിലാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിപ്രകാരം മത്സ്യബന്ധന യാനങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതി സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഈ പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ എറണാകുളം ജില്ലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

മത്സ്യത്തൊഴിലാളി വനിതകൾക്ക് പ്രസവാനന്തര ചെലവുകൾക്കായി നൽകുന്ന ധനസഹായം 750 രൂപയിൽ നിന്നും 14,000 രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി മിഷൻ 676 വഴി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞമാസക്കാലയളവിൽ നൽകിവരുന്ന സമ്പാദ്യ സമാശ്വാസ പദ്ധതി തുക 1,800 രൂപയിൽ നിന്നും 2,700 രൂപയാക്കി വർദ്ധിപ്പിച്ചു.

(ബി) മത്സ്യഫെഡ് മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ

എൻ.സി.ഡി.സി. ധനസഹായത്തോടെയുള്ള സംയോജിത മത്സ്യവികസന പദ്ധതി. 2011-12-ൽ മത്സ്യം പിടിച്ചുകൊണ്ട് വന്നതിനുശേഷം സൂക്ഷിക്കുന്നതിനും വിപണനം ചെയ്യുന്നതിനും പ്രാഥമിക സഹകരണ സംഘങ്ങൾക്ക് അടിസ്ഥാനസൗകര്യങ്ങൾക്കുമായി ഒരു യൂണിറ്റിന് 14 ലക്ഷം രൂപയാണ് അടങ്കൽ തുകയായി അനുവദിച്ചിട്ടുള്ളത്. ഇതുവരെ തിരുവനന്തപുരം ജില്ലയിലെ പരുത്തിയൂർ, DF(T)116/92 സംഘം, തെക്കെ കൊല്ലംകോട് DF(T) 1/92, മയ്നാട് DF(T)23/92 എന്നീ സംഘങ്ങൾക്ക് ടി തുക അനുവദിച്ച് നൽകിയിട്ടുണ്ട്.

കേരള തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അടിസ്ഥാന സൗകര്യവികസന പദ്ധതികൾ

കുടിവെള്ള-ശുചിത്വ സൗകര്യങ്ങൾ, വൈദ്യുതി-ആരോഗ്യ- വിദ്യാഭ്യാസ സൗകര്യങ്ങൾ എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി കേരളസംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 114 കോടി രൂപ അടങ്കൽ തുകയിൽ സംയോജിത മത്സ്യഗ്രാമ വികസനപദ്ധതി, 44.27 കോടി രൂപ അടങ്കൽ തുകയിൽ 13-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾ, നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ടിലുൾപ്പെടുത്തി 134.70 കോടി രൂപയുടെ പദ്ധതികൾ, 4.29 കോടി രൂപയുടെ കോസ്റ്റൽ സോഷ്യൽ ഇൻഫ്രാസ്ട്രക്ചർ പദ്ധതികൾ, 75.10 കോടി രൂപയുടെ ആധുനിക മത്സ്യമാർക്കറ്റ് നിർമ്മാണം എന്നിവ നടപ്പിലാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഭവന നിർമ്മാണം

2010-11 വരെ ദേശീയ മത്സ്യത്തൊഴിലാളി ഭവനനിർമ്മാണ പദ്ധതിയിൽ (50% കേന്ദ്രാവിഷ്കൃത പദ്ധതി) ഒരു വീടിന് 50,000 രൂപയാണ് കേന്ദ്രസർക്കാർ യൂണിറ്റ് കോസ്റ്റായി നിശ്ചയിച്ചിരുന്നത്. ഇതിന്റെ 50% തുകയായ 25,000 രൂപ കേന്ദ്ര വിഹിതമായി നൽകുകയുണ്ടായി. എന്നാൽ 201213 സാമ്പത്തിക വർഷം മുതൽ സംസ്ഥാന ഗവൺമെന്റ് ഭവന നിർമ്മാണ ഗ്രാന്റ് 2 ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും ഇത് 100% സബ്സിഡിയായും നൽകുന്നു. ഇത് പ്രകാരം ഒരു വീടിന് സംസ്ഥാന ഗവൺമെന്റ് 1.75 ലക്ഷം രൂപയും കേന്ദ്രസർക്കാർ 25,000 രൂപയും വഹിക്കുന്നു. എന്നാൽ 201415 വർഷത്തിൽ കേന്ദ്രവിഹിതം 25,000 രൂപയിൽ നിന്ന് 37,500 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

വിദ്യാഭ്യാസ ആനുകൂല്യം

11-1-2012-ലെ സ.ഉ. (കൈ) നം.06/2012/പജ.പവ.വിവ. നമ്പർ ഉത്തരവ് പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് സംസ്ഥാനത്തെ പ്രീമെട്രിക്, പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യം വർദ്ധിപ്പിച്ച് നൽകിയത് ഫിഷറീസ് വകുപ്പിനും 1-6-2012 മുതൽ ബാധകമാണ്. പട്ടികജാതി/ പട്ടികവർഗ്ഗ വകുപ്പിൽ വിദ്യാഭ്യാസ ആനുകൂല്യം വർദ്ധിപ്പിക്കുന്ന മുറയ്ക്ക് ഫിഷറീസ് വകുപ്പിനും ആനുകൂല്യം വർദ്ധിപ്പിക്കുന്നതാണ്.

ശ്രീ. സി. എഫ്. തോമസ് : സർ, മത്സ്യബോർഡ് വഴി കൊടുക്കുന്ന ആനുകൂല്യങ്ങളുടെ വരുമാനപരിധി ഉയർത്തിയില്ലെങ്കിൽ വലിയ പ്രയാസമാണ്. അതുകൊണ്ട് മത്സ്യബോർഡ് വഴി നൽകുന്ന ആനുകൂല്യങ്ങളുടെ വരുമാന പരിധി ഉയർത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. ബാബു : സർ, നിലവിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കിവരുന്ന ക്ഷേമപ്രവർത്തനങ്ങളായ വിവാഹ ധനസഹായം, രോഗ ചികിത്സ തുടങ്ങിയവയുടെ വരുമാന പരിധി 12,000 രൂപയായി നിഷ്കർഷിച്ചിരുന്നത് ബി.പി.എൽ. വിഭാഗത്തിനു മാത്രമായിരുന്നു. എന്നാൽ ഇക്കാര്യത്തിൽ ബഹുമാന്യനായ മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ വളരെയേറെ നിവേദനങ്ങൾ കിട്ടിയതിന്റെയടിസ്ഥാനത്തിൽ വരുമാന പരിധി 60,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 10-7-2014-ൽ അതിന്റെ ഉത്തരവ് ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുണ്ട്.

ശ്രീ. സി. എഫ്. തോമസ് : സർ, മത്സ്യത്തൊഴിലാളി മേഖലയിലുള്ള കുട്ടികൾക്ക് പരമ്പരാഗത ജോലിയല്ലാതെ മറ്റുമേഖലകളിൽ തൊഴിൽ നേടാനുള്ള പരിശീലനവും മത്സര പരീക്ഷകളിൽ ഉന്നത വിജയം നേടാനുള്ള പരിശീലനവും ആവശ്യമാണ്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വിഷമമനുഭവിക്കുന്ന ജനവിഭാഗമാണ് പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ. അതുകൊണ്ട് ആ മേഖലയിലെ കുട്ടികൾക്ക് മത്സരപരീക്ഷകളിൽ ഉന്നതവിജയം നേടാനും ജോലി നേടാനും പരിശീലനം നൽകുന്ന നടപടിയെക്കുറിച്ച് ആലോചിക്കുമോ ?

ശ്രീ. കെ. ബാബു : സർ അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന മേഖലയാണ് മത്സ്യത്തൊഴിലാളി മേഖല. ആ മേഖലയിലെ വിദ്യാർത്ഥികൾക്ക് വിഭിന്നമായ മേഖലകളിൽ തൊഴിൽ നേടാനും വിവിധ മത്സരപ്പരീക്ഷകളിൽ വിജയിക്കാൻ പ്രാപ്തരാക്കുന്നതിനും ഉദ്ദേശിച്ചു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് 'രാജീവ് ഗാന്ധി നോളഡ്ജ് സെന്റർ ഫോർ കരിയർ സ്റ്റഡീസ് ആന്റ് റിസർച്ച്' എന്നൊരു സ്ഥാപനം ആരംഭിക്കാൻ ഫിഷറീസ് ഡിപ്പാർട്ടുമെന്റ് ആലോചിക്കുന്നുണ്ട്. യു.പി.എസ്.സി., സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം പി.എസ്.സി., ബാങ്ക് പരീക്ഷ പരിശീലനങ്ങൾ, കരിയർ ഗൈഡൻസ് പരിപാടികൾ, യു.ജി.സി. പരീക്ഷ പരിശീലനം, സ്കിൽ വ്യക്തിത്വ വികസന പരിപാടികൾ, കരിയർ ഇൻഫർമേഷൻ, ഡാറ്റാ ബാങ്ക്, വിദ്യാഭ്യാസ റേഡിയോ എന്നിവയാണ് സെന്ററിന്റെ പ്രധാന പ്രവർത്തനങ്ങൾ. സ്കൂളുകളുടെ നില മെച്ചപ്പെടുത്തുവാനും ആലോചിക്കുന്നുണ്ട്.

ശ്രീ. മോൻസ് ജോസഫ് : സർ, മത്സ്യത്തൊഴിലാളി വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി ഗവൺമെന്റ് പുതിയ പദ്ധതി ആവിഷ്കരിക്കുന്നതിനെക്കുറിച്ച് അങ്ങ് പറയുകയുണ്ടായി. മത്സ്യത്തൊഴിലാളികൾ ജോലിക്കിടയിൽ മരണപ്പെടുന്ന സാഹചര്യങ്ങളുണ്ടാകുമ്പോൾ അവരുടെ ആശ്രിതർക്കു ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന തുക വർദ്ധിപ്പിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ; ആ കുടുംബങ്ങളുടെ സംരക്ഷണത്തിനുവേണ്ടി ഗവൺമെന്റ് എന്തെല്ലാം കാര്യങ്ങളാണ് പുതിയതായി നടപ്പാക്കാനുദ്ദേശിക്കുന്നത് ?

ശ്രീ. കെ. ബാബു : സർ, അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ക്ഷേമനിധി ബോർഡുവഴി 5 ലക്ഷം രൂപയും മത്സ്യഫെഡ്ഡിൽ അംഗങ്ങളായിട്ടുള്ളവർക്ക് 5 ലക്ഷം രൂപയും ചേർത്ത് ആകെ 10 ലക്ഷം രൂപയാണ് ഇപ്പോൾ സഹായമായി നൽകിക്കൊണ്ടിരിക്കുന്നത്. നമ്മുടെ നിയമമനുസരിച്ച് മാൻ മിസ്സിംഗിന് ഏഴ് വർഷം കാത്തിരുന്നതിനുശേഷമേ ആനുകൂല്യം കൊടുക്കാവൂ എന്നാണ്. മത്സ്യത്തൊഴിലാളികൾ കടലിൽ മുങ്ങി മരണപ്പെടുകയും ബോഡി റിക്കവർ ചെയ്യാൻ സാധിക്കാതെവരികയും ചെയ്താൽ അവരുടെ ആശ്രിതർക്ക് ആനുകൂല്യം കൊടുക്കാൻ പ്രയാസമുണ്ട്. അതുകൊണ്ട് മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ആനുകൂല്യം കൊടുക്കുന്നതിന് ബോഡി കിട്ടാൻ കാത്തിരിക്കാതെ ആർ.ഡി.ഒ.-യുടെ റിപ്പോർട്ടോടുകൂടി ആനുകൂല്യം കൊടുക്കാനുള്ള വ്യവസ്ഥ ഇപ്പോൾ ഉണ്ടായിട്ടുണ്ട്. മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ് പദ്ധതി നടപ്പിലാക്കാനും ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. റ്റി. യു. കുരുവിള : സർ, മത്സ്യത്തൊഴിലാളികളുടെ പ്രശ്നത്തെ സംബന്ധിച്ച് പറയുമ്പോൾ പലപ്പോഴും ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഗണിച്ചുകാണുന്നില്ല. പെരിയാർ വാലിയുൾപ്പെടെയുള്ള ഉൾനാടൻ പ്രദേശങ്ങളിൽ ആയിരക്കണക്കിന് തൊഴിലാളികൾ ജോലിചെയ്യുന്നുണ്ട്. അവർക്ക് റോഡ്, വീട് ഇതൊന്നും കിട്ടുന്നില്ല. അത് പരിഗണിക്കണം. മത്സ്യ ഉല്പാദനത്തിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി മത്സ്യത്തൊഴിലാളികൾക്ക് ഉല്പാദന ബോണസ് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ?

ശ്രീ. കെ. ബാബു : സർ, ഉൾനാടൻ മേഖലയിലെ മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി 'മത്സ്യസമൃദ്ധി' പദ്ധതി ഇപ്പോൾ നടപ്പാക്കിവരുന്നുണ്ട്. അതിന്റെ റിസൾട്ട് വിലയിരുത്തിയപ്പോൾ വളരെയധികം ഉല്പാദനത്തിൽ മുന്നോട്ടുപോകാൻ നമുക്ക് സാധിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ മേഖലയായ ഭൂതത്താൻകെട്ടിൽ ഒരു പുതിയ ഹാച്ചറി ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അത് ഉൾനാടൻ മേഖലയിൽ കൂടുതൽ മത്സ്യവിത്തുകൾ നൽകുന്നതിനുവേണ്ടിയാണ്. മത്സ്യവിലയുടെ 10 ശതമാനത്തോളം കമ്മീഷനായും 5 ശതമാനത്തോളം പലിശയിനത്തിലും ചെലവഴിക്കേണ്ടിവരുന്ന സാഹചര്യമുണ്ടാകുന്നുണ്ട്. ഇതിന്

LIBRARY ARCHIVES Kerala Legislative Assembly

പരിഹാരമായി ഉല്പാദന ബോണസ് ഏർപ്പെടുത്താൻ തീരുമാനിക്കുകയും 2 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുമുണ്ട്. ഈ പദ്ധതി പ്രകാരം പ്രാഥമിക സഹകരണ സംഘങ്ങൾവഴി 400 കോടി രൂപയുടെ മത്സ്യം ലേലം ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. 50,000 മത്സ്യത്തൊഴിലാളികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്ന് കണക്കാക്കുന്നു. ഉല്പാദന ബോണസ് പദ്ധതി ഉടൻ നടപ്പാക്കുന്നതാണ്.

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, അപകടത്തിൽ മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് നൽകുന്ന ഇൻഷ്വറൻസ് പരിരക്ഷ വർദ്ധിപ്പിക്കുകയുണ്ടായെന്ന് ശ്രീ. മോൻസ് ജോസഫിന്റെ ചോദ്യത്തിന് മറുപടിയായി അങ്ങ് പറയുകയുണ്ടായി. അത് വളരെ നല്ല കാര്യമാണ്. അതുപോലെ ആം ആദ്മി ബീമാ യോജന പ്രകാരം അവർക്ക് 75,000 രൂപ കൂടി കൊടുക്കാനുള്ള ഒരു സംവിധാനമുണ്ട്. അതും നല്ല കാര്യംതന്നെയാണ്. പക്ഷെ സ്വാഭാവികമായി മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ മരണത്തോടുകൂടി ആ കുടുംബം അനാഥമാവുകയാണ്. അവർക്ക് യാതൊരുവിധ വരുമാനവുമില്ലാത്ത സാഹചര്യത്തിലേക്ക് പോവുകയാണ്. അതുകൊണ്ട് അപകടത്തിൽ മരണമടയുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കുകൊടുക്കുന്ന ഇൻഷ്വറൻസ് പരിരക്ഷ സ്വാഭാവികമായി മരണമടയുന്ന മത്സ്യത്തൊഴിലാളികൾക്കുകൂടി കൊടുക്കുവാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. ബാബു : സർ, അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ അപകട മരണത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്കാണ് സാധാരണ സഹായങ്ങൾ നൽകിയിരുന്നത്. സ്വാഭാവിക മരണത്തിന് ആനുകൂല്യങ്ങൾ നൽകാറില്ല. എന്നാൽ ഈ വർഷം മുതൽ 'ആം ആദ്മി ബീമാ യോജന' എന്ന കേന്ദ്ര സഹായ പദ്ധതി ഉപയോഗപ്പെടുത്തിക്കൊണ്ട് ഹാർട്ട് അറ്റാക്ക്, സ്വാഭാവിക മരണം എന്നിവ സംഭവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് 30,000 രൂപയുടെ ധനസഹായം ലഭിക്കും. അപകട മരണം സംഭവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് നിലവിലുള്ള ധനസഹായം കൂടാതെ ഈ പദ്ധതിപ്രകാരം 75,000 രൂപയുടെ അധിക സഹായവും ലഭിക്കും. ഈ പദ്ധതിപ്രകാരം സംസ്ഥാനത്തെ 2,34,904 മത്സ്യത്തൊഴിലാളികൾക്കും 76,510 അനുബന്ധ തൊഴിലാളികൾക്കും ഇതിന്റെ പ്രയോജനം ലഭിക്കും.

ഡോ. ടി. എം. തോമസ് ഐസക് : സർ, മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് വിദ്യാഭ്യാസാനുകൂല്യമാണ്. പുതിയൊരു തൊഴിൽ മേഖലയിലേക്ക് കടന്നുപോകാൻ സഹായിക്കുന്ന ഒന്നാണിത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളി കുട്ടികളുടെ ഫീസും മറ്റുചെലവുകളും പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെന്നപോലെതന്നെ സർക്കാർ വഹിക്കുമെന്ന് തീരുമാനമെടുത്തിരുന്നു. അത് നൽകുകയും ചെയ്തിട്ടുണ്ട്. സമീപകാലത്ത് ചില വീടുകൾ സന്ദർശിച്ചപ്പോൾ അങ്ങനെ ലഭിക്കാത്ത ഒട്ടനവധി കുട്ടികളെ കണ്ടെത്തുകയുണ്ടായി. എന്റെ ചോദ്യം ഈ സ്കീം ഇപ്പോഴും തുടരുന്നുണ്ടോ ; ഉണ്ടെങ്കിൽ ആ ആനുകൂല്യം ലഭിക്കുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമാണ് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു : സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അങ്ങനെയൊരു ഉത്തരവ് ഇറക്കിയിരുന്നില്ല. പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ലഭിക്കുന്ന എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുകൂടി നൽകുന്നതിന് കഴിഞ്ഞമാസം ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആവശ്യമാണെങ്കിൽ അതിന്റെ കോപ്പി അങ്ങേയ്ക്ക് തരുന്നതാണ്. സ്വാശ്രയമേഖലയിലെ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുകൂടി പട്ടികജാതി വിഭാഗക്കാർക്ക് കിട്ടുന്ന വിദ്യാഭ്യാസാനുകൂല്യമുൾപ്പെടെ എല്ലാ ആനുകൂല്യങ്ങളും നൽകുന്നതാണ്. സ്വാശ്രയമേഖലയിലെ കുട്ടികൾക്കും ഈ ആനുകൂല്യം കിട്ടും.

ശ്രീ. റ്റി. എൻ. പ്രതാപൻ : സർ, മത്സ്യഫെഡ്സിൽ കഴിഞ്ഞ പത്ത് വർഷത്തിലേറെയായി, എൽ.ഡി.എഫ്-യുഡി.എഫ് ഗവൺമെന്റിന്റെ കാലത്ത്, ജോലി ചെയ്തുവന്നിരുന്ന 113 പേരെയും ഈ ഗവൺമെന്റ് സ്ഥിരപ്പെടുത്തുവാൻ തീരുമാനിച്ചു. ഫിനാൻസിന്റെ അനുമതിയോടുകൂടി മന്ത്രിസഭയെടുത്ത തീരുമാനം ധനകാര്യ വകുപ്പ് അംഗീകരിക്കുന്നില്ലെന്നുപറഞ്ഞ് ഇപ്പോൾ വാർത്തവന്നു. പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ സേവനങ്ങളുടെ ഭാഗമായാണ് ഇവരെ സ്ഥിരപ്പെടുത്താൻ തീരുമാനിച്ചത്. ഇക്കാര്യത്തിൽ ഗവൺമെന്റ് അടിയന്തരമായി നടപടി സ്വീകരിക്കണം. കടലിൽവച്ച് അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ ജീവൻ രക്ഷിക്കാൻ ഒരു മാർഗ്ഗവുമില്ല. കരയിലെത്തുന്നതിന് വളരെയേറെ സമയമെടുക്കും. അതുകൊണ്ട് കടലിൽവച്ചുണ്ടാകുന്ന അപകടങ്ങളിൽനിന്നും മത്സ്യത്തൊഴിലാളികളെ രക്ഷിക്കാൻ ഒരു മറൈൻ ആംബുലൻസ് സ്കീം കൊണ്ടുവരാൻ ശ്രമിക്കുമോ ?

ശ്രീ. കെ. ബാബു : സർ, മത്സ്യഫെഡിൽ ജോലി ചെയ്തിരുന്ന 113 ജീവനക്കാരെ സ്ഥിരപ്പെടുത്താൻ മന്ത്രിസഭായോഗം തീരുമാനിച്ചിട്ടുണ്ട്. അത് മത്സ്യഫെഡ് ബോർഡിന്റെ ശിപാർശയനുസരിച്ച് ഫിഷറീസ് ഡിപ്പാർട്ടുമെന്റും ഫിനാൻസ് ഡിപ്പാർട്ടുമെന്റും പ്രോസ്സസ് ചെയ്താണ് മന്ത്രിസഭായോഗം ആ തീരുമാനമെടുത്തത്. ആ തീരുമാനം നടപ്പാക്കുന്നതിന് തടസ്സമുണ്ടാകുമെന്ന് തോന്നുന്നില്ല. തടസ്സമുണ്ടെങ്കിൽ തീർച്ചയായും അത് പരിഹരിക്കും. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 98 പേരെ സ്ഥിരപ്പെടുത്താൻ തീരുമാനിച്ചിരുന്നു. 10 വർഷം പൂർത്തിയാക്കിയവരെക്കൂടി ഉൾപ്പെടുത്താൻ തീരുമാനിച്ചപ്പോൾ അത് 113 പേരായി. ഇതിൽ 100 പേർ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരും 10,000 രൂപയിൽ കൂടുതൽ ശമ്പളമുള്ളവരുമാണ്. ആറ് പേർ റിട്ടയർ ചെയ്യാൻ അധികം താമസമില്ലാത്തവരാണ്. മനുഷ്യത്വപരമായ നിലപാടാണ് ഇക്കാര്യത്തിൽ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. അനധികൃതമായ യാതൊരു ഇടപെടലുകളും ഇതിലുണ്ടായിട്ടില്ല. മറൈൻ ആംബുലൻസ് കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. മൂന്ന് കോടി രൂപ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ ഉണ്ടായിരുന്നു. എന്നാൽ മറൈൻ ആംബുലൻസിന്റെ കാര്യത്തിൽ അതിനാവശ്യമായ ഒരു ടെക്നോളജി, സ്പെസിഫിക്കേഷൻ, കൺസപ്റ്റ്, ഇംപ്ലിമെന്റേഷൻ എന്നിവയുടെ രൂപരേഖ തയ്യാറാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. നേവൽ ആർക്കിടെക്റ്റ്, ഷിപ്യാർഡ് ആർക്കിടെക്റ്റ് തുടങ്ങിയവരുടെ യോഗം വിളിച്ചുകൂട്ടി ഉടൻതന്നെ മറൈൻ ആംബുലൻസ് ഏർപ്പെടുത്തുന്നതാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു)